REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-09-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കേരളം ഹൈടെക് വ്യവസായങ്ങൾക്ക് മുൻഗണന നൽകണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 939 ആയി.**
- **സംസ്ഥാനത്തെ ആഗോള ടൂറിസം, വിജ്ഞാന, ആരോഗ്യ ഹബ്ബായി ഉയർത്താൻ ലക്ഷ്യമിട്ട്, വൻ വികസന പദ്ധതികൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്ര സുരക്ഷാ പരിശോധന ഇന്ന്.**
- **അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് അർജന്റീന താരം ലയണൽ മെസ്സി വിരമിക്കൽ പ്രഖ്യാപിച്ചു.**

## വാർത്തകൾ വിശദമായി

കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കേരളം ഹൈടെക് വ്യവസായത്തിന് മുൻഗണന നൽകണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. കൊച്ചി രാജഗിരി സ്കൂൾ ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി...

........വോയ്സ്.........

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ഉച്ചകോടിയോടനുബന്ധിച്ച് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായി പ്രധാനമന്ത്രി ബിഷ്കെക്കിൽ ഉഭയകക്ഷി ചർച്ച നടത്തി.പശ്ചിമേഷ്യയിലെ സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു.

✪✪✪

നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യ കൈവരിച്ച 7.8 ശതമാനം GDP വളർച്ച വലിയ നേട്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എണ്ണവിലയിലെ കുതിച്ചുചാട്ടം, വിതരണ ശൃംഖലയിലെ തടസ്സങ്ങൾ, ആഗോളതലത്തിലെ അനിശ്ചിതത്വങ്ങൾ എന്നിവയ്ക്കിടയിലും രാജ്യം കൈവരിച്ച നേട്ടം ജനങ്ങളുടെ കൂട്ടായ കരുത്തിനെയും അതിജീവനശേഷിയെയുമാണ് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

ഈ മികച്ച പ്രകടനത്തിന്റെ ക്രെഡിറ്റ് രാജ്യത്തെ ജനങ്ങൾക്കും അവരുടെ കഠിനാധ്വാനത്തിനുമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനും പറഞ്ഞു.

✪✪✪

നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യ 7.8 ശതമാനം GDP വളർച്ചാനിരക്ക് കൈവരിച്ചതിൽ കേന്ദ്ര മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. കടുത്ത ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും വിജയകരമായി മുന്നേറാൻ രാജ്യത്തിന് കരുത്ത് നൽകിയത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണ നേതൃത്വത്തിന്റെ തെളിവാണെന്ന് അദ്ദേഹം സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 939 ആയി. 4,247 ലധികം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്.

രക്ഷ പ്രവർത്തനങ്ങൾ ഊർജിതമായി തുടരുകയാണ്. നേപ്പാൾ സൈന്യം, നേപ്പാൾ പോലീസ്, സായുധ പോലീസ് സേന തുടങ്ങിയവയെ ദുരന്ത ബാധിത പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

✪✪✪

നേപ്പാളിലെ ദുരന്തബാധിത പ്രദേശങ്ങളിൽ സഹായം എത്തിക്കാൻ വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് സാധ്യമായതെല്ലാം ചെയ്യുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നേപ്പാൾഗഞ്ച് റോഡ്-നൻപാറ-ബഹ്റൈച്ച് റെയിൽ പാതയുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം .നേപ്പാൾഗഞ്ച്റോഡ്-വാരണാസി സിറ്റി സ്പെഷ്യൽ ട്രെയിനിന്റെ ഫ്ലാഗ് ഓഫും അശ്വിനി വൈഷ്ണവ് നിർവഹിച്ചു.

✪✪✪

ഉത്തർപ്രദേശിലെ കൗശാമ്പി ജില്ലയിൽ വെടിമരുന്ന് നിർമാണശാലയിലുണ്ടായ സ്ഫോടനത്തിൽ നിരവധി പേർക്ക് ജീവൻ നഷ്ടമായ സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ദുഖം രേഖപ്പെടുത്തി. അപകടത്തിൽ പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെയെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ 16 പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. പുതിയ തദ്ദേശീയ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതിന്റെയും കയറ്റുമതി വർധിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ചർച്ചയാകും. ഏഴ് പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവിമാർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

നാലാമത് ഇന്തോ-ജർമ്മൻ പരിസ്ഥിതി ഫോറം ഇന്ന് ന്യൂഡൽഹിയിൽ ചേരും. കേന്ദ്ര പരിസ്ഥിതിമന്ത്രി ഭൂപേന്ദർ യാദവും ജർമ്മനിയുടെ പരിസ്ഥിതി മന്ത്രിയും സംയുക്ത അധ്യക്ഷത വഹിക്കും. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് പരിസ്ഥിതി ഫോറം സംഘടിപ്പിക്കുന്നത്.

✪✪✪

ദേശീയ പോഷക വാരാചരണത്തിന് ഇന്ന് തുടക്കം. എല്ലാ വർഷവും സെപ്റ്റംബർ 1 മുതൽ 7 വരെയാണ് പോഷകവാരമായി ആചരിക്കുന്നത്. പോഷകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ആളുകളെ ബോധവാന്മാരാക്കുക, ജനങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക ,കുട്ടികൾ, കൗമാരക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ പോഷകത്തിന്റെ പ്രാധാന്യം

എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പോഷകാഹാര വാരാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

കേരളവും അറബ് രാജ്യങ്ങളും തമ്മിലെ ബന്ധം കൂടുതൽ ദൃഢമാക്കാനും, സംസ്ഥാനത്തെ ആഗോള ടൂറിസം, വിജ്ഞാന, ആരോഗ്യ ഹബ്ബായി ഉയർത്താനും ലക്ഷ്യമിട്ട് വൻ വികസന പദ്ധതികൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. കൊച്ചിയിൽ ഇന്തോ-അറബ് കണക്ട് 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അറബ് ലോകത്തുനിന്നും കൂടുതൽ സഞ്ചാരികളെയും നിക്ഷേപകരെയും കേരളത്തിലേക്ക് ആകർഷിക്കുകയും സംസ്ഥാനത്തെ സമ്പൂർണ്ണ പോർട്ട് സിറ്റിയാക്കി മാറ്റുകയുമാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സുപ്രീം കോടതിയുടെ നിർദേശപ്രകാരം ഇന്ന് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്ര സുരക്ഷാ പരിശോധന നടത്തും. ബൽരാജ് ജോഷി ചെയർമാനായ അഞ്ചംഗ വിദഗ്ദ സമിതിയാണ് അണക്കെട്ടിൽ നേരിട്ടെത്തി പരിശോധന നടത്തുന്നത്.

മൂന്ന് ദിവസം കുമളിയിൽ തങ്ങുന്ന സംഘം പരിശോധനയ്ക്ക് ശേഷം നാളെയും മറ്റന്നാളും കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേരും. തുടർന്ന് ഈ മാസാവസാനം ദില്ലിയിൽ ഉന്നതതല യോഗവും നടത്തും,

✪✪✪

അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് അർജന്റീന താരം ലയണൽ മെസ്സി വിരമിക്കൽ പ്രഖ്യാപിച്ചു. സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിലാണ് ഇനി അർജന്റീന ടീമിനു വേണ്ടി കളിക്കില്ലെന്ന് മെസ്സി അറിയിച്ചത്.

ലോകകപ്പ് വിജയം, രണ്ട് കോപ്പ അമേരിക്ക കിരീടങ്ങൾ, രാജ്യത്തിനായി 207 മത്സരങ്ങൾ എന്നിവയടങ്ങിയ നീണ്ട 20 വർഷത്തെ ഫുട്ബോൾ യാത്രക്കാണ് മെസ്സി ഇതോടെ വിരാമമിടുന്നത്.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

..........വോയ്സ്........

✪✪✪

ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മ വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാല സംഘടിപ്പിക്കുന്ന പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. രാവിലെ സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ നടക്കുന്ന പരിപാടിയിൽ മന്ത്രിമാരായ റോജി എം. ജോൺ, ഒ. ജെ. ജനീഷ്, ഇന്ത്യൻ ഹോക്കി ടീം പരിശീലകൻ ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ് എന്നിവർ പങ്കെടുക്കും.

✪✪✪

ദുബായിൽ ട്വന്റി-20 വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് ബി മത്സരത്തിൽ ബംഗ്ലാദേശിന് ജയം. ഇന്തോനേഷ്യയെ 71 റൺസിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 100 ദിവസങ്ങൾ പൂർത്തിയാകുമ്പോൾ, ലഹരിമാഫിയക്കെതിരെ ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ' വലിയ വിജയവും ജനകീയ മുന്നേറ്റവുമായി മാറിയെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

ലഹരി മാഫിയക്കെതിരെ കേരള ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ – ദി നാർക്കോ ഹണ്ട്' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സംഘടിപ്പിച്ച സീനിയർ സിറ്റിസൺസ് മീറ്റിംഗും തൂഫാൻ കെയർ ഡിക്ലറേഷൻ പരിപാടിയും വടകര മുനിസിപ്പൽ ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് സംസ്ഥാന ഗവണ്മെന്റ് ഏറ്റെടുത്തതിനോടനുബന്ധിച്ച് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ കാര്യങ്ങളിലുണ്ടായ അപാകത പരിശോധിക്കാൻ വിദഗ്ധർ അടങ്ങുന്ന ഉന്നതതല സമിതിക്ക് രൂപം നൽകുമെന്ന് മന്ത്രി K മുരളീധരൻ അറിയിച്ചു. പരിയാരം മെഡിക്കൽ കോളേജ് സന്ദർശിച്ച ശേഷം ജീവനക്കാരുടെ പ്രതിനിധികൾ ഉന്നയിച്ച ആശങ്കകൾക്ക് മറുപടി പറയുകയായിരുന്നു മന്ത്രി.

✪✪✪

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റിന്റെ 66-ാമത് സ്ഥാപകദിനാഘോഷം രാവിലെ നടത്തും. ചടങ്ങിൽ മുഖ്യമന്ത്രി VD സതീശൻ മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

സംഗീതസംവിധായകനും തബലിസ്റ്റുമായ കോഴിക്കോട് അബൂബക്കർ അന്തരിച്ചു. അരീക്കാട്ടെ ഉള്ളിശ്ശേരിക്കുന്നിലെ വീട്ടിലായിരുന്നു 80 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സ്വതസിദ്ധമായ ഈണങ്ങളിലൂടെ സംഗീതലോകത്തിന് മൂവായിരത്തിലധികം അനശ്വരഗാനങ്ങൾ സമ്മാനിച്ച കലാകാരനാണ് കോഴിക്കോട് അബൂബക്കർ.

✪✪✪

ഹിന്ദി സാഹിത്യകാരനും വിവർത്തകനുമായ കരിക്കകം തോട്ടു പുറത്തുവീട്ടിൽ പ്രൊഫസർ ഡോ. J രാമചന്ദ്രൻ നായർ കൊച്ചിയിൽ അന്തരിച്ചു. അദ്ദേഹത്തിന് 79 വയസ്സായിരുന്നു. സംസ്കാരം രാവിലെ 11.30ന് എറണാകുളം രവിപുരം ശ്മശാനത്തിൽ നടത്തും.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ ശ്രമങ്ങളിൽ മനുഷ്യജീവന്റെ സംരക്ഷണത്തിന് ആദ്യ പരിഗണന നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും മനുഷ്യ ജീവൻ നഷ്ടമാകുന്ന സംഭവങ്ങൾ തടയുന്നതിനും ഊന്നൽ നൽകി ഫലപ്രദവും സമഗ്രവുമായ സംവിധാനത്തിന് രൂപം നൽകണമെന്നും കമ്മീഷൻ ജുഡിഷ്യൽ അംഗം. K. ബൈജുനാഥ് വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

✪✪✪

കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ സംഘടിപ്പിച്ച വിവിധ ഓണം വിപണനമേളകൾ മികച്ച വിറ്റുവരവ് കൈവരിച്ചു. 148 മേളകളിലൂടെ ആകെ മൂന്നു കോടി 15 ലക്ഷത്തി 7,517 രൂപയുടെ വിറ്റുവരവാണ് നേടിയത്.

✪✪✪

*News Editor ശ്രുതി എം*
*News Reader: അബ്ദുൾ കബീർ*
*News Team:, മണികണ്ഠൻ*
*DEO: സി കെ സുബോധ്*